# കൊച്ചിൻ ദേവസ്വം ബോർഡ്
# മുറികൾ വാടകയ്ക്ക് നല്കുന്നതിന് ഉള്ള
# ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് വക എറണാകുളം ദേവസ്വം വക കെട്ടിടത്തിലെ ഒഴിവുള്ള താഴെ പറയുന്ന മുറികൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള ടെണ്ടർ ഫോമുകളിൽ തയ്യാറാക്കിയ മത്സരസ്വഭാവമുള്ള sealed ടെണ്ടറുകൾ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | കെട്ടിടം മുറിയുടെ വിവരം | കെട്ടിട നമ്പർ | വിസ്തീർണ്ണം | നിരതദ്രവ്യം | അടിസ്ഥാന വാടക ച.അടി നിരക്കിൽ (min) |
|---|---|---|---|---|---|
| 1 | എറണാകുളം കുളപ്പുര മാളിക | | 47 SQ.FT | 5000/ | 44 |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

ടെണ്ടറുകൾ ,ദേവസ്വം കമ്മീഷ്ണർ, കൊച്ചിൻ ദേവസ്വം ബോർഡ് എന്ന പേരിൽ എറണാകുളം മാറാവുന്ന മേല്കാണിച്ച നിരക്കിലുള്ള സംഖ്യയ്ക്കുള്ള D.D കൾ സഹിതം സമർപ്പിക്കേണ്ടതാണ്.നിരത ദ്രവ്യം അടക്കം ചെയ്യാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.ടെണ്ടർ ഫോറം പൂർണ്ണമായും പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്.ടെണ്ടറുകൾ എറണാകുളം ദേവസ്വം ഓഫീസിൽ വച്ചിരിക്കുന്ന ടെണ്ടർ ബോക്സിൽ 23/09/2025 തീയ്യതി 3.00 പി.എം.വരെ

നിക്ഷേപിക്കാവുന്നതാണ്. ലഭിച്ച ടെണ്ടറുകൾ അന്നേ ദിവസം ഹാജരുള്ള ടെണ്ടർ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ 3.30 പി.എം ന് തുറന്ന് പരിശോധിക്കുന്നതാണ്.

ലഭിച്ച ടെണ്ടറുകളിൽ ഗുണകരമായവ സ്വീകരിക്കുന്നതിനും അല്ലാത്തവ നിരുപാധികം തള്ളി കളയുന്നതിനും താഴെ ഒപ്പിടുന്ന ആൾക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

വ്യവസ്ഥകൾ :-

1) ടെണ്ടർ പ്രകാരം അനുവദിക്കുന്ന മുറികളുടെ ലൈസൻസ് ഏൽപ്പന കാലാവധി 11 മാസം/3 വർഷം ആയി നിജപ്പെടുത്തിയിരിക്കുന്നു.

2) നിരതദ്രവ്യം സംഖ്യ താഴെ പറയുന്ന പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

| | | |
|---|---|---|
| 500 ച.അടി വരെ | - | 5,000/- ക |
| 500 ച.അടി മുതൽ 1000 ച.അടി വരെ | - | 10,000/- ക |
| 1000 ച.അടിക്ക് മുകളിൽ | - | 25,000/- ക |

3) നിരതദ്രവ്യം സംഖ്യ ടെണ്ടർ കൊള്ളുന്ന വ്യക്തിയുടെ പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റിലേയ്ക്ക്, ഇതു കഴിച്ചുള്ള ബാക്കി സംഖ്യ അടക്കുന്ന മുറക്ക് വരവ് വെക്കുന്നതാണ്.

4) സമർപ്പിക്കുന്ന ടെണ്ടറുകളിൽ ഏൽപന കാലാവധി 11 മാസമോ, 3 വർഷമോ എന്നത് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

5) 11 മാസം ഏൽപന കാലാവധി നിശ്ചയിച്ച് ടെണ്ടർ സമർപ്പിക്കുന്നവർ ടെണ്ടർ ലഭിക്കുന്ന പക്ഷം 11 മാസത്തെ ലൈസൻസ് ഫീക്ക് തുല്യമായ സംഖ്യ പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റായും, 3 മാസത്തെ ലൈസൻസ് ഫീ ലൈസൻസ് ഫീ അഡ്വാൻസായും അടക്കേണ്ടതാണ്. 3 വർഷം കാലാവധി നിശ്ചയിച്ച് ടെണ്ടർ സമർപ്പിക്കുന്നവർ ടെണ്ടർ ലഭിക്കുന്ന 15 മാസത്തെ ലൈസൻസ് ഫീക്ക് തുല്യമായ സംഖ്യ പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റായും, 3 മാസത്തെ ലൈസൻസ് ഫീ, ലൈസൻസ് ഫീ അഡ്വാൻസായും അടക്കേണ്ടതാണ് ടി സംഖ്യകൾ എല്ലാംതന്നെ മുറി ഒഴിയുന്ന സമയം പലിശ കൂടാതെ തിരികെ നൽകുന്നതാണ്.

6) ടെണ്ടർ ലഭിക്കുന്ന വ്യക്തികൾ പലിശ രഹിത സെക്യൂരിറ്റി ഡിപ്പോസിറ്റിന്റെ 50% സംഖ്യ കൊച്ചിൻ ദേവസ്വം ബോർഡ് വക ക്ഷേത്രങ്ങളുടെ ഉന്നമനത്തിനായുള്ള സംഭാവനയായി അടക്കേണ്ടതാണ്. ഈ സംഖ്യ തിരികെ നൽകുന്നതല്ല.

7) ടെണ്ടർ കൊണ്ട വ്യക്തി 11 മാസം കാലാവധിയിലേക്കാണ് മുറി എടുക്കുന്നതെങ്കിൽ ഈ കാലാവധിക്ക് ശേഷം ലൈസൻസ് ഫീ പുതുക്കുന്നതിന് താൽപര്യപ്പെടുന്ന പക്ഷം ആയതിനുള്ള അപേക്ഷ കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറി മുമ്പാകെ ഏൽപന കാലാവധി അവസാനിക്കുന്നതിന് ഒരുമാസം മുൻപ് സമർപ്പിക്കേണ്ടതാണ്. അപേക്ഷപരിഗണിക്കുന്ന പക്ഷം നിലവിലുള്ള ലൈസൻസ് കാലാവധി 11 മാസത്തേക്കാണ് തുടരുന്നതെങ്കിൽ, നിലവിലുള്ള വാടകയിൽ ചുരുങ്ങിയത് 11% വർദ്ധന വരുത്തിയോ അല്ലെങ്കിൽ 11% വർദ്ധനവിൽ കുറയാതെ അപ്പോൾ ബോർഡ് നിശ്ചയിക്കുന്ന ലൈസൻസ് ഫീയോ, 3 വർഷത്തേക്കാണ് പുതുക്കുന്നതെങ്കിൽ നിലവിലുള്ള വാടകയിൽ ചുരുങ്ങിയത് 25% വർദ്ധനവ് വരുത്തിയോ അല്ലെങ്കിൽ അപ്പോൾ ബോർഡ് നിശ്ചയിക്കുന്ന 25% വർദ്ധനവിൽ കുറയാതെ ലൈസൻസ് ഫീ യോ അടക്കേണ്ടതാണ്.

8) 11 മാസത്തേക്ക് ടെണ്ടർ കൊണ്ട വ്യക്തി ഈ കാലാവധിക്ക് ശേഷം പുതുക്കുമ്പോൾ കാലാവധി 3 വർഷത്തേക്ക് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന പക്ഷം പുതുക്കിയ ലൈസൻസ് ഫീയുടെ 4 മാസത്തെ ലൈസൻസ് ഫീ അധികമായി പലിശ രഹിത സെക്യൂരിറ്റി ഡിപ്പോസിറ്റായി അടക്കേണ്ടതാണ്.

9) 11 മാസം ഏൽപനകാലാവധി നിശ്ചയിച്ച് മുറി അനുവദിക്കുന്നവർ 200/-രു മുദ്രപത്രത്തിലും, 3 വർഷത്തേക്ക് ഏൽപന കാലാവധി നിശ്ചയിച്ച് മുറി അനുവദിക്കുന്നവർ കേരള സ്റ്റാമ്പ് ആക്ട് അനുസരിച്ച് ഉള്ള മുദ്രപത്രത്തിലും ലൈസൻസ് ഡീഡ് സ്വന്തം ചിലവിൽ തയ്യാറാക്കി ഒപ്പുവച്ച് നൽകേണ്ടതാണ്.

10) അനുവദിച്ച കാലാവധിക്ക് ശേഷം മുറി പുതുക്കി അനുവദിക്കുന്ന പക്ഷം ലൈസൻസ് പുതുക്കിയ ലൈസൻസ് ഫീയുടെയും നിലവിലുണ്ടായിരുന്ന ലൈസൻസ് ഫീയുടെയും വ്യത്യാസം സംഖ്യയുടെ 3 മാസത്തെ സംഖ്യ 3 മാസത്തെ ലൈസൻസ് ഫീ അഡ്വാൻസിനത്തിൽ പുതുക്കിയ ലൈസൻസ് ഡീഡ് ഒപ്പ് വക്കുന്നതിന് മുൻപായി അതാത് ഓഫീസുകളിൽ അടക്കേണ്ടതാണ്.

11) മുറികൾ ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്നവർ ലൈസൻസ് ഫീ സഹിതം നിയമ പ്രകാരമുള്ള ജി.എസ്.ടി കൂടി ചേർത്ത് അടക്കേണ്ടതാണ്. ലൈസൻസ് വ്യവസ്ഥയിൽ ഏർപ്പെടുന്ന ദിവസം മുതൽ ഉള്ള വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്, ഗവൺമെന്റ് സ്ഥാപനങ്ങളിലേക്കോ, അടക്കേണ്ട കെട്ടിടനികുതി ഒഴികെയുള്ള നികുതികളും, ചാർജ്ജുകളും അതാത് സമയം മുറി ലൈസൻസ് വ്യവസ്ഥയിൽ എടുത്ത വ്യക്തി അടക്കേണ്ടതാണ്.

12) കൊച്ചിൻ ദേവസ്വം ബോർഡ് അംഗീകരിച്ച പൊതുമാതൃകയിൽ ഉള്ള എഗ്രിമെന്റ് ഫോർമാറ്റിൽ മാത്രം ലൈസൻസ് കരാർ വക്കേണ്ടതാണ്. ഈ കരാറിൽ ബോർഡ് അംഗീകരിക്കാത്ത വ്യവസ്ഥകൾ കൂട്ടി ചേർക്കുവാനോ ബോർഡ് അംഗീകാരമില്ലാതെ നിലവിലുള്ള ക്ലോസുകൾ ഒഴിവാക്കുവാനോ പാടില്ലാത്തതാണ്.

13) ടെണ്ടർ കൊണ്ട വ്യക്തികൾ മുറി അനുവദിച്ച് ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം പലിശ രഹിത സെക്യൂരിറ്റി ഡിപ്പോസിറ്റ്, 3 മാസത്തെ ലൈസൻസ് ഫീ അഡ്വാൻസ്, സംഭാവന എന്നിവ ബന്ധപ്പെട്ട ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റി നിശ്ചിത സ്റ്റാമ്പ് പേപ്പറിൽ ലൈസൻസ് കരാർ തയ്യാറാക്കി ഒപ്പുവച്ച് താക്കോൽ ഏറ്റ് വാങ്ങേണ്ടതാണ്. അല്ലാത്ത പക്ഷം മുറി അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്. മേൽ കാണിച്ച സംഖ്യകൾ അടച്ച് കഴിഞ്ഞ ശേഷം ലൈസൻസ് കരാർ ഒപ്പുവച്ച് താക്കോൽ ഏറ്റ് വാങ്ങാത്ത പക്ഷം അടച്ച സംഖ്യകൾ എല്ലാംതന്നെ കൊച്ചിൻ ദേവസ്വം ബോർഡിലേക്ക് മറ്റൊരറിയിപ്പ് കൂടാതെ മുതൽ കൂട്ടുന്നതാണ്.

14) മുറികൾ ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്നവർ അവരവരുടെ മുറികളിൽ ഉണ്ടാകുന്ന എല്ലാതരം മാലിന്യങ്ങളും അവരവരുടെ സ്വന്തം ഉത്തരവാദിത്വത്തിലും, സമീപ സ്ഥാപനങ്ങൾക്കോ പൊതുജനങ്ങൾക്കോ മുറികൾക്കോ തടസ്സമോ, നാശനഷ്ടമോ, ശല്യമോ വരാത്ത വിധം സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതാണ്. മാലിന്യങ്ങൾ കെട്ടിട സമുച്ചയത്തിന് ദോഷമാകും വിധം കൈകാര്യം ചെയ്യാൻ പാടുള്ളതല്ല. ഇപ്രകാരം പ്രവർത്തിക്കാത്ത പക്ഷം ഉണ്ടാകുന്ന സകലവിധ കഷ്ടനഷ്ടങ്ങൾക്കും അതാത് വ്യക്തികൾ/സ്ഥാപനങ്ങൾ മാത്രം ഉത്തരവാദികൾ ആയിരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ, മറ്റു ഏതെങ്കിലും അധികാരസ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന മാലിന്യസംസ്കരണ പ്ലാന്റുകളും, മറ്റും ബന്ധപ്പെട്ട കക്ഷികൾ സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യേണ്ടതാണ്. മാലിന്യ സംസ്കരണം കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉത്തരവാദിത്വത്തിൽ വരുന്നതല്ല.

15) ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്നമുറികൾ അന്യകൈവശം നൽകുകയോ, മേൽ വാടകക്ക് നൽകുകയോ ചെയ്യാൻ പാടില്ലാത്തതാണ്. മുറികൾക്ക് ബോർഡിന്റെ അനുമതികൂടാതെ യാതൊരു രൂപമാറ്റങ്ങളോ, കൂടി ചേർക്കലുകളോ നടത്തുവാൻ പാടുള്ളതല്ല. അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ദേവസ്വം മരാമത്ത് വിഭാഗത്തിന്റെ മേൽ നോട്ടത്തിലും മുൻകൂട്ടിയുള്ള അനുവാദത്തോടെയും മാത്രം നടത്തേണ്ടതാണ്. കെട്ടിടത്തിന്റെ ഉറപ്പിനെ ബാധിക്കുന്ന വിധത്തിൽ ടി കെട്ടിടത്തിന്റെ യഥാർത്ഥ നിർമ്മിതിക്ക് ബലക്ഷയം വരുത്തുന്ന വിധത്തിൽ ഉള്ള യാതൊരുവിധ നിർമ്മാണ പ്രവൃത്തികളും അനുവദിക്കുന്നതല്ല. മേൽ പ്രകാരം ബോർഡിന്റെ അറിവോ, അനുമതിയോ ഇല്ലാതെ നിയമവിരുദ്ധമായി നിർമ്മിതികൾ നടത്തുന്ന ലൈസൻസിയെ നോട്ടീസ് ഇല്ലാതെ ഒഴിപ്പിക്കുന്നതാണ്.

16) മുറി ഒഴിയാൻ ആഗ്രഹിക്കുന്ന പക്ഷം ടി മുറി ഒഴിയുന്ന തിയ്യതി വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക, വെള്ളക്കരം, ലൈസൻസ് ഫീ എന്നിവ

അടച്ച് തീർത്ത് ഒഴിമുറി വക്കേണ്ടതും, ടി മുറിക്ക് ഒഴിയുന്ന തിയ്യതി വരെ വൈദ്യുതി കുടിശ്ശിക ഇല്ല എന്നതിന് ഒരു സാക്ഷ്യപത്രം ബന്ധപ്പെട്ട KSEB/കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കേണ്ടതുമാണ്. ഇവ ലഭിച്ച് ദേവസ്വം മരാമത്ത് വിഭാഗം മുറി പരിശോധിച്ച് ടി മുറിക്ക് കേടുപാടുകൾ ഒന്നും ഇല്ല എന്ന് ബോദ്ധ്യപ്പെട്ട ശേഷം മാത്രം പലിശ രഹിത സെക്യൂരിറ്റി ഡിപ്പോസിറ്റ്, 3 മാസത്തെ ലൈസൻസ് ഫീ, അഡ്വാൻസ് എന്നിവ റിഫണ്ട് ബിൽ പ്രകാരം പാർട്ടിക്ക് തിരികെ നൽകുന്നതാണ്.

17) മുറിലൈസൻസ് വ്യവസ്ഥയിൽ എടുത്ത വ്യക്തി ലൈസൻസ് ഫീ അടക്കുന്നതിന് 2 മാസത്തിൽ കൂടുതൽ മുടക്ക് വരുത്തുന്നപക്ഷം റവന്യൂ റിക്കവറി നടപടി വഴി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും, കേരള ലാന്റ് കൺസർവെൻസി ആക്റ്റ് പ്രകാരം മുറി ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കുടിശ്ശികക്ക് 12% പലിശ ഈടാക്കുന്നതാണ്.

18) കൊച്ചിൻ ദേവസ്വം ബോർഡ് അനുമതികൂടാതെ കെട്ടിടങ്ങളിലെ കോമൺപാസേജുകൾ സ്വന്തമായി കൂട്ടിയെടുത്ത് ഉപയോഗിക്കുന്നത് കരാർ ലംഘനമായി കണക്കാക്കുന്നതാണ്. ഇപ്രകാരം പ്രവർത്തിക്കുന്ന വ്യക്തികളെ/ സ്ഥാപനങ്ങളെ നോട്ടീസ് ഇല്ലാതെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

19) മുറി ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്ന വ്യക്തികൾക്ക് ടി മുറിയുടെ ലൈസൻസ് കരാർ ഒപ്പുവച്ച ശേഷം മുറിയിലേക്ക് ആവശ്യമായ വൈദ്യുതി കണക്ഷൻ വേണ്ട പേപ്പറുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പുവച്ച് നൽകുന്നതാണ്. വൈദ്യുതി കണക്ഷൻ ബന്ധപ്പെട്ട അതാത് ദേവസ്വം ഉദ്യോഗസ്ഥന്റെ പേരിൽ മുറി എടുക്കുന്ന വ്യക്തി സ്വന്തം ചിലവിൽ എടുക്കേണ്ടതാണ്.

20) ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്ന മുറിയുടെ ഉൾവശം നവീകരിക്കുന്ന സമയം ബോർഡിന്റെ അനുമതി വാങ്ങേണ്ടതും ഒഴിയുന്ന സമയം ഇവ സ്വന്തം

ചിലവിൽ നീക്കം ചെയ്ത് ദേവസ്വം മരാമത്ത് വിഭാഗത്തെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

21) ടെണ്ടർ കൊണ്ട വ്യക്തി കൊച്ചിൻ ദേവസ്വം ബോർഡിന്റേതല്ലാത്ത കാരണത്താൽ ടെണ്ടർ സ്വമേധയാ ഒഴിയുന്നപക്ഷം നിരതദ്രവ്യം സംഖ്യ കൊച്ചിൻ ദേവസ്വം ബോർഡിലേക്ക് മുതൽ കൂട്ടുന്നതാണ്. ഏതെങ്കിലും കാരണവശാൽ ടെണ്ടർ കൊണ്ട മുറി അനുവദിച്ച് നൽകാൻ സാധിക്കാത്ത സാഹചര്യം വരുന്ന പക്ഷം നിരതദ്രവ്യം സംഖ്യ തിരികെ നൽകുന്നതാണ്.

മേൽ കാണിച്ച വ്യവസ്ഥകൾ പ്രകാരം മാത്രം ടെണ്ടർ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ സഹിതം തിരിച്ചറിയൽ രേഖയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിറുത്തി വക്കുന്നതിനും വേണ്ടെന്നു വക്കുന്നതിനും അസാധുവാക്കുന്നതിനും താഴെ ഒപ്പു വക്കുന്ന ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ടെണ്ടറുകൾ ഈ പരസ്യം സഹിതം ചേർത്ത നിശ്ചിത മാതൃകയിൽ തന്നെ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുന്നവർ ടെണ്ടർ സമർപ്പിക്കുന്ന കവറിന് മുകളിൽ ഏത് മുറിക്കുള്ള ടെണ്ടർ ആണെന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

ഈ ടെണ്ടറിനെപ്പറ്റി കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ കൊച്ചിൻ ദേവസ്വം ബോർഡ്/എറണാകുളം ദേവസ്വം ഓഫീസിൽ നേരിൽ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

സ്ഥലം :

തിയ്യതി :

[redacted]

8.9.15

ദേവസ്വം അസി: കമ്മീഷണർ
തൃപ്പൂണിത്തുറ ഗ്രൂപ്പ്

## കൊച്ചിൻ ദേവസ്വം ബോർഡ് വക കെട്ടിടങ്ങളിൽ

## മുറി അനുവദിക്കുന്നതിനുള്ള ടെണ്ടർ ഫോറം

Photo

1. പേര് :
2. മേൽവിലാസം :
3. അച്ഛന്റെപേര് :
4. മൊബൈൽ നമ്പർ :
5. രാജ്യം :
6. സംസ്ഥാനം :
7. ജില്ല :
8. താലൂക്ക് :
9. വില്ലേജ് :
10. ആധാർ കാർഡ് നമ്പർ (Copy to be attached) :
11. അനുവദിക്കേണ്ട മുറി സംബന്ധിച്ച വിവരം :
    (a) കെട്ടിടം :
    (b) മുറി നമ്പർ :
    (c) സമർപ്പിക്കുന്നനിരക്ക് ചതുരശ്ര അടിക്ക് :
    (d) വിസ്തീർണ്ണം :
12. ഏൽപനകാലാവധി (ഏതാണെന്ന് (√) മാർക്ക് ചെയ്യുക) : 11 മാസം/3 വർഷം

## വ്യവസ്ഥകൾ

1) ടെണ്ടർ പ്രകാരം അനുവദിക്കുന്ന മുറികളുടെ ലൈസൻസ് ഏൽപ്പന കാലാവധി 11 മാസം/3 വർഷം ആയി നിജപ്പെടുത്തിയിരിക്കുന്നു.

2) നിരതദ്രവ്യം സംഖ്യ താഴെ പറയുന്ന പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

| | | |
|---|---|---|
| 500 ച.അടി വരെ | - | 5,000/- രൂ |
| 500 ച.അടി മുതൽ 1000 ച.അടി വരെ | - | 10,000/- രൂ |
| 1000 ച.അടിക്ക് മുകളിൽ | - | 25,000/- രൂ |

3) നിരതദ്രവ്യം സംഖ്യ ടെണ്ടർ കൊള്ളുന്ന വ്യക്തിയുടെ പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റിലേയ്ക്ക്, ഇതു കഴിച്ചുള്ള ബാക്കി സംഖ്യ അടക്കുന്ന മുറക്ക് വരവ് വെക്കുന്നതാണ്.

4) സമർപ്പിക്കുന്ന ടെണ്ടറുകളിൽ ഏൽപന കാലാവധി 11 മാസമോ, 3 വർഷമോ എന്നത് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

5) 11 മാസം ഏൽപന കാലാവധി നിശ്ചയിച്ച് ടെണ്ടർ സമർപ്പിക്കുന്നവർ ടെണ്ടർ ലഭിക്കുന്ന പക്ഷം 11 മാസത്തെ ലൈസൻസ് ഫീക്ക് തുല്യമായ സംഖ്യ പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റായും, 3 മാസത്തെ ലൈസൻസ് ഫീ ലൈസൻസ് ഫീ അഡ്വാൻസായും അടക്കേണ്ടതാണ്. 3 വർഷം കാലാവധി നിശ്ചയിച്ച് ടെണ്ടർ സമർപ്പിക്കുന്നവർ ടെണ്ടർ ലഭിക്കുന്ന 15 മാസത്തെ ലൈസൻസ് ഫീക്ക് തുല്യമായ സംഖ്യ പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റായും, 3 മാസത്തെ ലൈസൻസ് ഫീ, ലൈസൻസ് ഫീ അഡ്വാൻസായും അടക്കേണ്ടതാണ്. ടി സംഖ്യകൾ എല്ലാംതന്നെ മുറി ഒഴിയുന്ന സമയം പലിശ കൂടാതെ തിരികെ നൽകുന്നതാണ്.

6) ടെണ്ടർ ലഭിക്കുന്ന വ്യക്തികൾ പലിശ രഹിത സെക്യൂരിറ്റി ഡിപ്പോസിറ്റിന്റെ 50% സംഖ്യ കൊച്ചിൻ ദേവസ്വം ബോർഡ് വക ക്ഷേത്രങ്ങളുടെ ഉന്നമനത്തിനായുള്ള സംഭാവനയായി അടക്കേണ്ടതാണ്. ഈ സംഖ്യ തിരികെ നൽകുന്നതല്ല.

7) ടെണ്ടർ കൊണ്ട വ്യക്തി 11 മാസം കാലാവധിയിലേക്കാണ് മുറി എടുക്കുന്നതെങ്കിൽ ഈ കാലാവധിക്ക് ശേഷം ലൈസൻസ് ഫീ പുതുക്കുന്നതിന് താൽപര്യപ്പെടുന്ന പക്ഷം ആയതിനുള്ള അപേക്ഷ കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറി മുമ്പാകെ ഏൽപന കാലാവധി അവസാനിക്കുന്നതിന് ഒരുമാസം മുൻപ് സമർപ്പിക്കേണ്ടതാണ്. അപേക്ഷപരിഗണിക്കുന്ന പക്ഷം നിലവിലുള്ള ലൈസൻസ് കാലാവധി 11 മാസത്തേക്കാണ് തുടരുന്നതെങ്കിൽ, നിലവിലുള്ള വാടകയിൽ ചുരുക്കിയത് 11% വർദ്ധന വരുത്തിയോ അല്ലെങ്കിൽ 11% വർദ്ധനവിൽ കുറയാതെ അപ്പോൾ ബോർഡ് നിശ്ചയിക്കുന്ന ലൈസൻസ് ഫീയോ, 3 വർഷത്തേക്കാണ് പുതുക്കുന്നതെങ്കിൽ നിലവിലുള്ള വാടകയിൽ ചുരുങ്ങിയത് 25% വർദ്ധനവ് വരുത്തിയോ അല്ലെങ്കിൽ അപ്പോൾ ബോർഡ് നിശ്ചയിക്കുന്ന 25% വർദ്ധനവിൽ കുറയാതെ ലൈസൻസ് ഫീ യോ അടക്കേണ്ടതാണ്.

8) 11 മാസത്തേക്ക് ടെണ്ടർ കൊണ്ട വ്യക്തി ഈ കാലാവധിക്ക് ശേഷം പുതുക്കുമ്പോൾ കാലാവധി 3 വർഷത്തേക്ക് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന പക്ഷം പുതുക്കിയ ലൈസൻസ് ഫീയുടെ 4 മാസത്തെ ലൈസൻസ് ഫീ അധികമായി പലിശ രഹിത സെക്യൂരിറ്റി ഡിപ്പോസിറ്റായി അടക്കേണ്ടതാണ്.

9) 11 മാസം ഏൽപനകാലാവധി നിശ്ചയിച്ച് മുറി അനുവദിക്കുന്നവർ 200/-ക മുദ്രപത്രത്തിലും, 3 വർഷത്തേക്ക് ഏൽപന കാലാവധി നിശ്ചയിച്ച് മുറി അനുവദിക്കുന്നവർ കേരള സ്റ്റാമ്പ് ആക്ട് അനുസരിച്ച് ഉള്ള മുദ്രപത്രത്തിലും ലൈസൻസ് ഡീഡ് സ്വന്തം ചിലവിൽ തയ്യാറാക്കി ഒപ്പുവച്ച് നൽകേണ്ടതാണ്.

10) അനുവദിച്ച കാലാവധിക്ക് ശേഷം മുറി പുതുക്കി അനുവദിക്കുന്ന പക്ഷം പുതുക്കിയ ലൈസൻസ് ഫീയുടെയും നിലവിലുണ്ടായിരുന്ന ലൈസൻസ് ഫീയുടെയും വ്യത്യാസം സംഖ്യയുടെ 3 മാസത്തെ സംഖ്യ 3 മാസത്തെ ലൈസൻസ് ഫീ അഡ്വാൻസിനത്തിൽ പുതുക്കിയ ലൈസൻസ് ഡീഡ് ഒപ്പ് വക്കുന്നതിന് മുൻപായി അതാത് ഓഫീസുകളിൽ അടക്കേണ്ടതാണ്.

11) മുറികൾ ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്നവർ ലൈസൻസ് ഫീ സഹിതം നിയമ പ്രകാരമുള്ള ജി.എസ്.ടി കൂടി ചേർത്ത് അടക്കേണ്ടതാണ്. ലൈസൻസ് വ്യവസ്ഥയിൽ ഏർപ്പെടുന്ന ദിവസം മുതൽ ഉള്ള വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്, ഗവൺമെന്റ് സ്ഥാപനങ്ങളിലേക്കോ, അടക്കേണ്ട കെട്ടിടനികുതി ഒഴികെയുള്ള നികുതികളും, ചാർജ്ജുകളും അതാത് സമയം മുറി ലൈസൻസ് വ്യവസ്ഥയിൽ എടുത്ത വ്യക്തി അടക്കേണ്ടതാണ്.

12) കൊച്ചിൻ ദേവസ്വം ബോർഡ് അംഗീകരിച്ച പൊതുമാതൃകയിൽ ഉള്ള എഗ്രിമെന്റ് ഫോർമാറ്റിൽ മാത്രം ലൈസൻസ് കരാർ വക്കേണ്ടതാണ്. ഈ കരാറിൽ ബോർഡ് അംഗീകരിക്കാത്ത വ്യവസ്ഥകൾ കൂട്ടി ചേർക്കുവാനോ ബോർഡ് അംഗീകാരമില്ലാതെ നിലവിലുള്ള ക്ലോസുകൾ ഒഴിവാക്കുവാനോ പാടില്ലാത്തതാണ്.

13) ടെണ്ടർ കൊണ്ട വ്യക്തികൾ മുറി അനുവദിച്ച് ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം പലിശ രഹിത സെക്യൂരിറ്റി ഡിപ്പോസിറ്റ്, 3 മാസത്തെ ലൈസൻസ് ഫീ അഡ്വാൻസ്, സംഭാവന എന്നിവ ബന്ധപ്പെട്ട ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റി നിശ്ചിത സ്റ്റാമ്പ് പേപ്പറിൽ ലൈസൻസ് കരാർ തയ്യാറാക്കി ഒപ്പുവച്ച് താക്കോൽ ഏറ്റ് വാങ്ങേണ്ടതാണ്. അല്ലാത്ത പക്ഷം മുറി അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്. മേൽ കാണിച്ച സംഖ്യകൾ അടച്ച് കഴിഞ്ഞ ശേഷം ലൈസൻസ് കരാർ ഒപ്പുവച്ച് താക്കോൽ ഏറ്റ് വാങ്ങാത്ത പക്ഷം അടച്ച സംഖ്യകൾ എല്ലാംതന്നെ കൊച്ചിൻ ദേവസ്വം ബോർഡിലേക്ക് മറ്റൊരറിയിപ്പ് കൂടാതെ മുതൽ കൂട്ടുന്നതാണ്.

14) മുറികൾ ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്നവർ അവരവരുടെ മുറികളിൽ ഉണ്ടാകുന്ന എല്ലാതരം മാലിന്യങ്ങളും അവരവരുടെ സ്വന്തം ഉത്തരവാദിത്വത്തിലും, സമീപ സ്ഥാപനങ്ങൾക്കോ പൊതുജനങ്ങൾക്കോ മുറികൾക്കോ തടസ്സമോ, നാശനഷ്ടമോ, ശല്യമോ വരാത്ത വിധം സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതാണ്. മാലിന്യങ്ങൾ കെട്ടിട സമുച്ചയത്തിന് ദോഷമാകും വിധം കൈകാര്യം ചെയ്യാൻ പാടുള്ളതല്ല. ഇപ്രകാരം

പ്രവർത്തിക്കാത്ത പക്ഷം ഉണ്ടാകുന്ന സകലവിധ കഷ്ടനഷ്ടങ്ങൾക്കും അതാത് വ്യക്തികൾ/സ്ഥാപനങ്ങൾ മാത്രം ഉത്തരവാദികൾ ആയിരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ, മറ്റു ഏതെങ്കിലും അധികാരസ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന മാലിന്യസംസ്കരണ പ്ലാന്റുകളും, മറ്റും ബന്ധപ്പെട്ട കക്ഷികൾ സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യേണ്ടതാണ്. മാലിന്യ സംസ്കരണം കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉത്തരവാദിത്വത്തിൽ വരുന്നതല്ല.

15) ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്നമുറികൾ അന്യകൈവശം നൽകുകയോ, മേൽ വാടകക്ക് നൽകുകയോ ചെയ്യാൻ പാടില്ലാത്തതാണ്. മുറികൾക്ക് ബോർഡിന്റെ അനുമതികൂടാതെ യാതൊരു രൂപമാറ്റങ്ങളോ, കൂട്ടി ചേർക്കലുകളോ നടത്തുവാൻ പാടുള്ളതല്ല. അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ദേവസ്വം മരാമത്ത് വിഭാഗത്തിന്റെ മേൽ നോട്ടത്തിലും മുൻകൂട്ടിയുള്ള അനുവാദത്തോടെയും മാത്രം നടത്തേണ്ടതാണ്. കെട്ടിടത്തിന്റെ ഉറപ്പിനെ ബാധിക്കുന്ന വിധത്തിൽ ടി കെട്ടിടത്തിന്റെ യഥാർത്ഥ നിർമ്മിതിക്ക് ബലക്ഷയം വരുത്തുന്ന വിധത്തിൽ ഉള്ള യാതൊരുവിധ നിർമ്മാണ പ്രവൃത്തികളും അനുവദിക്കുന്നതല്ല. മേൽ പ്രകാരം ബോർഡിന്റെ അറിവോ, അനുമതിയോ ഇല്ലാതെ നിയമവിരുദ്ധമായി നിർമ്മിതികൾ നടത്തുന്ന ലൈസൻസിയെ നോട്ടീസ് ഇല്ലാതെ ഒഴിപ്പിക്കുന്നതാണ്.

16) മുറി ഒഴിയാൻ ആഗ്രഹിക്കുന്ന പക്ഷം ടി മുറി ഒഴിയുന്ന തിയ്യതി വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക, വെള്ളക്കരം, ലൈസൻസ് ഫീ എന്നിവ അടച്ച് തീർത്ത് ഒഴിമുറി വക്കേണ്ടതും, ടി മുറിക്ക് ഒഴിയുന്ന തിയ്യതി വരെ വൈദ്യുതി കുടിശ്ശിക ഇല്ല എന്നതിന് ഒരു സാക്ഷ്യപത്രം ബന്ധപ്പെട്ട KSEB/കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കേണ്ടതുമാണ്. ഇവ ലഭിച്ച് ദേവസ്വം മരാമത്ത് വിഭാഗം മുറി പരിശോധിച്ച് ടി മുറിക്ക് കേടുപാടുകൾ ഒന്നും ഇല്ല എന്ന് ബോദ്ധ്യപ്പെട്ട ശേഷം മാത്രം പലിശ രഹിത

സെക്യൂരിറ്റി ഡിപ്പോസിറ്റ്, 3 മാസത്തെ ലൈസൻസ് ഫീ, അഡ്വാൻസ് എന്നിവ റീഫണ്ട് ബിൽ പ്രകാരം പാർട്ടിക്ക് തിരികെ നൽകുന്നതാണ്.

17) മുറിലൈസൻസ് വ്യവസ്ഥയിൽ എടുത്ത വ്യക്തി ലൈസൻസ് ഫീ അടക്കുന്നതിന് 2 മാസത്തിൽ കൂടുതൽ മുടക്ക് വരുത്തുന്നപക്ഷം റവന്യൂ റിക്കവറി നടപടി വഴി കുടിശ്ശിക പിരിച്ചെടുക്കുതിനും, കേരള ലാന്റ് കൺസർവെൻസി ആക്റ്റ് പ്രകാരം മുറി ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കുടിശ്ശികക്ക് 12% പലിശ ഈടാക്കുന്നതാണ്.

18) കൊച്ചിൻ ദേവസ്വം ബോർഡ് അനുമതികൂടാതെ കെട്ടിടങ്ങളിലെ കോമൺപാസേജുകൾ സ്വന്തമായി കൂട്ടിയെടുത്ത് ഉപയോഗിക്കുന്നത് കരാർ ലംഘനമായി കണക്കാക്കുന്നതാണ്. ഇപ്രകാരം പ്രവർത്തിക്കുന്ന വ്യക്തികളെ/ സ്ഥാപനങ്ങളെ നോട്ടീസ് ഇല്ലാതെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

19) മുറി ലൈസൻസ് വ്യവസ്ഥയിൽ ടുക്കുന്ന വ്യക്തികൾക്ക് ടി മുറിയുടെ ലൈസൻസ് കരാർ ഒപ്പുവച്ച ശേഷം മുറിയിലേക്ക് ആവശ്യമായ വൈദ്യുതി കണക്ഷൻ വേണ്ട പേപ്പറുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പുവച്ച് നൽകുന്നതാണ്. വൈദ്യുതി കണക്ഷൻ ബന്ധപ്പെട്ട അതാത് ദേവസ്വം ഉദ്യോഗസ്ഥന്റെ പേരിൽ മുറി എടുക്കുന്ന വ്യക്തി സ്വന്തം ചിലവിൽ എടുക്കേണ്ടതാണ്.

20) ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്ന മുറിയുടെ ഉൾവശം നവീകരിക്കുന്ന സമയം ബോർഡിന്റെ അനുമതി വാങ്ങേണ്ടതും ഒഴിയുന്ന സമയം ഇവ സ്വന്തം ചിലവിൽ നീക്കം ചെയ്ത് ദേവസ്വം മരാമത്ത് വിഭാഗത്തെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

21) ടെണ്ടർ കൊണ്ട വ്യക്തി കൊച്ചിൻ ദേവസ്വം ബോർഡിന്റേതല്ലാത്ത കാരണത്താൽ ടെണ്ടർ സ്വമേധയാ ഒഴിയുന്നപക്ഷം നിരതദ്രവ്യം സംഖ്യ കൊച്ചിൻ ദേവസ്വം ബോർഡിലേക്ക് മുതൽ കൂട്ടുന്നതാണ്. ഏതെങ്കിലും

കാരണവശാൽ ടെണ്ടർ കൊണ്ട മുറി അനുവദിച്ച് നൽകാൻ സാധിക്കാത്ത സാഹചര്യം വരുന്ന പക്ഷം നിരതദ്രവ്യം സംഖ്യ തിരികെ നൽകുന്നതാണ്.

മേൽ കാണിച്ച വ്യവസ്ഥകൾ പ്രകാരം മാത്രം ടെണ്ടർ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ സഹിതം തിരിച്ചറിയൽ രേഖയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിറുത്തി വെക്കുന്നതിനും വേണ്ടെന്നു വെക്കുന്നതിനും, അസാധുവാക്കുന്നതിനും ബോർഡിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

മേൽ വ്യവസ്ഥകൾ അംഗീകരിക്കാൻ ഞാൻ തയ്യാറാണ്.

ഒപ്പ് :